**കുളത്തുപ്പുഴ സാം ഉമ്മൻ മെമ്മോറിയൽ ടെക്നിക്കൽ ഹൈസ്കൂൾ ഹയർ സെക്കൻഡറി സ്കൂളായി ഉയർത്തുവാനുള്ള നടപടി**

**114 (3868)** ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ മണ്ഡലത്തിലെ കുളത്തുപ്പുഴ ഡാം ഉമ്മൻ മെമ്മോറിയൽ ടെക്നിക്കൽ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ ; 6½ ഏക്കർ സ്ഥലം സ്വന്തമായുള്ളതും നൂറ് ശതമാനം വിജയം നേടിയതും പരിഗണിച്ച് ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധ ചെലുത്തുവാൻ ശ്രമിക്കുമോ ;

(ബി) പുനലൂർ മണ്ഡലത്തിലെ നെട്ടയം ഗവൺമെന്റ് ഹൈസ്കൂളിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കുളത്തുപ്പുഴ ഉൾപ്പെടെ സംസ്ഥാനത്തെ 18 ടെക്നിക്കൽ ഹൈസ്ക്കൂളുകളിൽ ഹയർ സെക്കൻഡറി കോഴ്സ് തുടങ്ങുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചു വരികയാണ്.

(ബി) പുതിയ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകൾ ആരംഭിക്കുന്ന കാര്യം തത്ക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

**പോളിടെക്നിക്കുകളിലെ ഫിസിക്കൽ എഡ്യൂക്കേഷൻ ഇൻസ്ട്രക്ടർ തസ്തിക**

**115 (3869)** പ്രൊഫ. എൻ. ജയരാജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോളിടെക്നിക്കുകളിലെ ഫിസിക്കൽ എഡ്യൂക്കേഷൻ ഇൻസ്ട്രക്ടർ തസ്തിക കൊളേജിയേറ്റ് എഡ്യൂക്കേഷനിൽ നിന്നും ടെക്നിക്കൽ എഡ്യൂക്കേഷന്റെ കീഴിലേക്കു മാറ്റുന്നതിന് നീക്കമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പോളിടെക്നിക്കുകളിൽ കായികാധ്യാപകരായി ജോലി ചെയ്യുന്നവരുടെ പ്രൊമോഷൻ സാധ്യത തുടർന്നും നിലനിർത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly